**ഇനി ഗ്രീൻ പ്രോട്ടോക്കോൾ**

പരിസ്ഥിതി സൗഹൃദമായി പരിസരങ്ങളെ മാറ്റുന്നതിന് വേണ്ടി ഉപയോഗിച്ചു വലിച്ചെറിയുന്ന വസ്തുക്കളുടെ ഉപയോഗം കുറച്ച്, പുനരുപയോഗിക്കാൻ സാധിക്കുന്ന വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന ഗ്രീൻ പ്രോട്ടോക്കോൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഓഫീസുകളും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കുന്നു. കോർപ്പറേഷൻ മേയർ ശ്രീമതി. സൗമിനി ജെയിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗാണ് തീരുമാനമെടുത്തത്. കോർപ്പറേഷൻ കൗൺസിൽ മീറ്റിംഗിലും മറ്റിതര മീറ്റിഗുകളിലും, പ്ലാസ്റ്റിക് പേപ്പർ ഗ്ലാസ്സുകളും പ്ലെയിറ്റുകളും ഉപയോഗിക്കില്ല. കോർപ്പറേഷന്റെ കീഴിൽ വരുന്ന ഹാളുകളിൽ നടക്കുന്ന പരിപാടികളിലും ഇത് നിർബന്ധമാക്കും. നാഷണൽ ഗെയിംസ്, ആറ്റുകാൽ പൊങ്കാല, മലയാറ്റൂർ തിരുനാൾ ഇവിടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയതുപോലെ നഗരപരിധിയിൽ വരുന്ന മേളകളിലും, ഐ.എസ്.എൽ., ഫിഫ പോലുള്ള മത്സരങ്ങളിലും സംഘാടകരുമായി സഹകരിച്ച് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ തീരുമാനിച്ചു. ശുചിത്വ മിഷന്റെ സഹകരണത്തോടെ സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായിട്ടാണ് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ സാങ്കേതിക സഹായം ശുചിത്വ മിഷന്റെ ഏജൻസിയായ പെലിക്കൺ ഫൗണ്ടേഷൻ നൽകും. മീറ്റിംഗിൽ ഡെപ്യൂട്ടി മേയർ ടി.ജെ. വിനോദ്, ചെയർപേഴ്സൺമാരായ ഗ്രേസി ജോസഫ്, മിനിമോൾ വി.കെ., ഷൈനി മാത്യു, കൗൺസിലർമാരായ കെ.ജെ ആന്റണി, എം.ബി. മുരളീധരൻ, സെക്രട്ടറി അമിത് മീണ ഐ.എ.എസ്., അഡീഷണൽ സെക്രട്ടറി അനുജ എ.എസ്, ഹെൽത്ത് ഓഫീസർ ടി.കെ.ബീന, ശുചിത്വ മിഷനിൽ നിന്ന് ജോഷി വർഗ്ഗീസ്, ഡോ. മനോജ് എന്നിവർ പങ്കെടുത്തു.